**പൊതുതിരഞ്ഞെടുപ്പ്അടിയന്തിരം**

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

**നമ്പർ. 6330/ബി/2015/സം.തി.ക** **തീയതി : 28.10.2015**

**പ്രേഷകൻ**

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പ്, 2015 – നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2015-ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. വോട്ടെടുപ്പ് ആരംഭിച്ച് 8 മണി വരെ പോൾ ചെയ്ത വോട്ടിന്റെ ശതമാനവും തുടർന്ന് ഓരോ രണ്ട് മണിക്കൂർ കൂടുമ്പോഴും വോട്ടെടുപ്പ് അവസാനിക്കുന്നതു വരെയുള്ള പോളിംഗിന്റെ ശതമാനവും കമ്മീഷനെ അറിയിക്കേണ്ടതാണ്. അവസാന പോളിംഗ് ശതമാനം 7 മണിയ്ക്ക് മുമ്പായി തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ഫാക്സ് / ഇ-മെയിൽ മുഖേന റിപ്പോർട്ട് ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് വോട്ടെടുപ്പ് നടക്കുന്ന സ്ഥലങ്ങളിൽ ജില്ലാ / ബ്ലോക്ക് / ഗ്രാമ പഞ്ചായത്തുകളിലേയ്ക്കുള്ള മൂന്ന് വോട്ടുകളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ വോട്ടർമാർ രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാൻ പ്രിസൈഡിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

3. ഏതെങ്കിലും നിയോജകമണ്ഡലത്തിൽ / വാർഡിൽ റീപോൾ വേണ്ടിവരികയാണെങ്കിൽ, 2015 നവംബർ 2-ന് വോട്ടെടുപ്പ് നടക്കുന്ന സ്ഥലങ്ങളിലും, 2015 നവംബർ 5-ന് വോട്ടെടുപ്പ് നടക്കുന്ന സ്ഥലങ്ങളിലും അത് 06.11.2015-നും ആയിരിക്കും.

വിശ്വസ്തതയോടെ,

ഒപ്പ്

**പി.ഗീത**

സെക്രട്ടറി